മെയ് 2020

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരേ,

ഏപ്രിൽ മാസം, നിയന്ത്രണങ്ങളുടെ പരിധിക്കുള്ളിലൂടെ, സാധാരണമല്ലാത്ത അനുഭവങ്ങളിലൂടെയും, തഴക്കങ്ങളിലൂടെയും നാം പിന്നിട്ടു. ഈ കാലയളവിൽ നാം ഏറ്റവും ധന്യമായ വിധത്തിൽ ഭക്തി നിർഭരമായി ആചരിക്കുന്ന പീഡാനുഭവ ആഴ്ചയിലെ ധ്യാനങ്ങളും ഉയിർത്തെഴുന്നേൽപ്പിന്റെ സന്തോഷങ്ങളും നിയന്ത്രണങ്ങൾക്ക് വിധേയമായി പരിമിതപ്പെടുത്തേണ്ടി വന്നു. എങ്കിലും ആധുനിക സാങ്കേതിക മാധ്യമങ്ങൾ ഉപയോഗിച്ച് ഓരോ കുടുംബങ്ങൾക്കും അവരവരുടെ ഭവനങ്ങളിൽ തന്നെ ചേർന്നിരുന്ന് പൊതു ആരാധനയിൽ പങ്കെടുക്കുന്നതിന് സാധിച്ചു എന്നുള്ളത് ആശ്വാസപ്രദമത്രെ. ലോകമാസകലം എല്ലാ രാജ്യങ്ങളിലെയും ജനങ്ങൾ ഈ വൈറസ് ബാധയുടെ വസന്തയ്ക്ക് വിധേയമായി ദുഃഖകരമായ അനുഭവങ്ങളെ പിന്നിട്ടു. ദൈവം മനുഷ്യന് കൊടുത്തിരിക്കുന്ന ഗവേഷണാത്മകവും നിർമ്മാണാത്മകവുമായ കഴിവുകൾ ഉപയോഗിച്ച് ഈ വസന്ത തടയുന്നതിനുള്ള മാർഗ്ഗങ്ങൾ അന്വേഷിച്ചുവരുന്നു. ചുരുക്കത്തിൽ അന്തരീക്ഷ മലിനീകരണവും ദൈവം നിശ്ചയിച്ചിരുന്നതായ പരിസ്ഥിതി ബന്ധങ്ങളും മനുഷ്യൻ വികലമാക്കിയതുമൂലം ഈ വസന്ത സംജാതമായി എന്നുള്ളത് നിസ്തർക്കം പറയുവാൻ കഴിയും. ഈ വസന്തയെ തടയുന്നതിനുള്ള നിയന്ത്രണങ്ങൾക്ക് സമൂഹം വിധേയമായപ്പോൾ അന്തരീക്ഷ മലിനീകരണത്തിന് ശമനമുണ്ടാവുകയും വായു, ജലം എന്നിവയുടെ ശുദ്ധീകരണം നടക്കുകയും ചെയ്തു. ഈ ശുദ്ധീകരണം ഈ വസന്തയിൽ നിന്നും നമ്മെ വിമുക്തമാക്കുമെന്ന് പ്രതീക്ഷിക്കാം. ആയത് ദൈവീകമായ കൃപകളെ മാനുഷിക കൈകളിലൂടെ നമുക്ക് ലഭ്യമാകേണ്ടതിനായി നാം പ്രാർത്ഥിക്കേണ്ടതാണ്. സുപ്രസിദ്ധമായ പ്രാർത്ഥന അതിന് നമുക്ക് ശക്തി പകരട്ടെ: 'കൃപാലുവായ ദൈവമേ, നിന്റെ കൃപയാൽ ഭൂലോകത്തിന് സൗഖ്യവും രൂപാന്തരവും വരുത്തേണമേ' എന്ന് നിരന്തരം നമുക്ക് പ്രാർത്ഥിക്കാം. പ്രാർത്ഥനകൾക്ക് ഉത്തരം അരുളുന്ന കർത്താവ് തന്റെ കൃപയാൽ നമ്മെ സന്ദർശിക്കുമാറാകട്ടെ.

ഈ സ്ഥിതിയിൽ പ്രതിരോധ പ്രവർത്തനങ്ങളെ സജ്ജമാക്കുന്നതിൽ ഭാരത സർക്കാരും കേരള സർക്കാരും വിശിഷ്യാ ആരോഗ്യ വകുപ്പിലൂടെയും ഇതര സംസ്ഥാന വകുപ്പുകളുടെയും നേതൃത്വത്തിൽ വളരെ ശ്രദ്ധേയമായിട്ടുള്ള നേട്ടങ്ങൾ കൈവരിച്ചു എന്നതോർത്ത് ദൈവത്തെ സ്തുതിക്കാം. ഗവണ്മെന്റിന്റെ നേതൃത്വത്തിൽ എല്ലാ മനുഷ്യരുടെയും കൂട്ടായ സഹകരണമാണ് ഇത് സാധ്യമാക്കിത്തന്നത് എന്ന് നാം ഓർക്കണം. മഹാപ്രളയത്തിന്റെ കാലത്ത് ഏകമനസ്സോടെ പ്രവർത്തിച്ചതായ ജനം പ്രളയ കാലം കഴിഞ്ഞപ്പോൾ ചുരുങ്ങിയ സമയം കൊണ്ട് ആ ഒരുമ നഷ്ടപ്പെടുത്തി വിഭാഗീയതയിലേക്ക് നീങ്ങി. വീണ്ടും ഇതാ-ഒരുമയുടെ ആവശ്യകതയറിയിച്ചു കൊണ്ട് ഈ വസന്ത ജനമധ്യത്തിലേക്ക് കടന്നുവന്നു. ഇന്ന് രാഷ്ട്രീയപാർട്ടികൾക്കുള്ളിലും സമുദായിക സംഘടനകൾക്കുള്ളിലും വർഗ്ഗീയവും ഭാഷാപരവുമായ മേഖലകളിലും വിഭാഗീയത വർദ്ധിച്ചുവരുന്നത് ഈ വൈറസ്സ്



രോഗത്തെ പ്രതിരോധിക്കുന്നതുപോലെ പ്രതിരോധിക്കേണ്ട ഒരു പ്രവണതയാണ്. അതോടൊപ്പം വിവിധ സാഹചര്യങ്ങളിൽ അന്യ സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലുമായിരിക്കുന്ന നമ്മുടെ പ്രവാസികൾക്കും യാത്രാ സൗകര്യം ലഭ്യമാകാതെ യാത്ര മുടങ്ങിയതായ സഹോദരങ്ങൾക്കും ഭദ്രമായി സ്വദേശത്തേയ്ക്ക് മടങ്ങുവാനുള്ള സാഹചര്യം ഉളവാകേണ്ടത് ആവശ്യമാണ്. അങ്ങനെ മടങ്ങി വരുന്നവരുടെയും പ്രത്യേകിച്ച് രോഗബാധയുള്ള നാടുകളിൽ നിന്ന് മടങ്ങു വരുന്നവരുടെയും പരിരക്ഷയ്ക്കും വേണ്ടതായ സൗകര്യങ്ങൾ ഒരുമനസ്സോടുകൂടെ എല്ലാവിധമായ വിഭാഗീയതകളും വെടിഞ്ഞ് ക്രമീകരണങ്ങൾ ചെയ്യേണ്ടതിന്റെ ആവശ്യകത നമുക്ക് ബോധ്യമാകേണ്ടതുണ്ട്. അതിനുള്ള അന്താരാഷ്ട്ര ആഭ്യന്തര ക്രമീകരണങ്ങൾ ചെയ്യുവാൻ ജനനേതാക്കൾക്ക് വേണ്ടതായ ദർശനവും വിശാലതയും ലഭ്യമാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

നമ്മുടെ നാട് വലിയ ഒരു സാമ്പത്തിക പ്രതിസന്ധിയിലേക്ക് ഊഴ്ന്നിറങ്ങുകയാണ്. അതിനുള്ള പ്രതിവിധിയായി ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരുമയുടെ ആത്മാവിൽ ആ വീഴ്ചയിൽ നിന്നെഴുന്നേൽക്കുവാനുള്ള ശക്തി കണ്ടെത്തേണ്ടതത്രെ. നിയമം കൈയ്യിലുള്ളതുകൊണ്ട് അധികാരം വിനിയോഗിക്കാം എന്നുള്ളചിന്തയും, ആവശ്യങ്ങളുടെ മുഖത്ത് കഴികളനുസരിച്ച് സഹകരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യമാകാതെയുള്ള പ്രതിപക്ഷത്തിന്റെ നിലപാടും ആശാസ്യമല്ല. സഭകൾ തന്നെ ആരാധനയ്ക്ക് ചേർന്നു വരുന്നതിനു അവസരമില്ലാതെയും സഭയുടെ ധനാഗമന മാർഗ്ഗങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള തടസ്സങ്ങൾ നിലനിൽക്കുകയും ചെയ്യുന്ന ഈ വേളയിൽ, രാഷ്ട്രത്തേക്കാളും സാമ്പത്തികമായ തകർച്ചയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ആയതിനാൽ സഭാജനങ്ങളുടെ ആത്മാർത്ഥമായ സഹകരണം

കൊണ്ടു മാത്രമേ അതിനെ അതിജീവിക്കുവാൻ സാധ്യമാകയുള്ളു. ആയതിന് സഹായകരമായ ചില നിർദ്ദേശങ്ങൾ സർക്കുലർ നമ്പർ 366 കൽപനയിലൂടെ നൽകിയിട്ടുണ്ട്. ആയത് ഇടവക ചുമതലക്കാരും, ജനങ്ങളും ശ്രദ്ധിക്കുമെന്ന് വിശ്വസിക്കട്ടെ. മുൻകാലങ്ങളിലും പ്രതിസന്ധികൾ വന്നപ്പോൾ നാം അതിനെ തരണം ചെയ്ത കാലഘട്ടവും വിധവും നാം അനുസ്മരിക്കേണ്ടതത്രെ.

നമ്മുടെ വിദ്യാഭ്യാസ മേഖല ആകെ താളം തെറ്റിയ നിലയിലാണ്. ഇന്നത്തെ ചില സൂചനകൾ നോക്കിയാൽ ജൂൺ ഒന്നിനു പകരം സെപ്റ്റംബർ ഒന്ന് വിദ്യാലയ വർഷത്തിന്റെ ആരംഭമായി മാറിപ്പോകും എന്ന് സംശയിക്കുന്നു. സർക്കാരിന്റെ സാമ്പത്തിക നയം നിമിത്തം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തസ്തികകൾ നഷ്ടപ്പെടുവാൻ സാധ്യതയുണ്ട്. സ്വകാര്യ മേഖലയിലെ സ്കൂളുകൾ വരുമാനമില്ലാതെ അദ്ധ്യാപക ശമ്പളം നൽകേണ്ടതായി വരും. ഇന്ന് സാധാരണയായി ഈ മേഖലയിലുള്ള എല്ലാ സ്കൂളും ഫീസ് പിരിവിന്റെ 80% അദ്ധ്യാപക വേതനമായി മാറ്റിവച്ച് ചെലവഴിക്കുകയാണ്. 20% മാത്രമാണ് കെട്ടിടങ്ങളുടെ maintenance-നും മറ്റ് ആവശ്യങ്ങൾക്കുമായി ചെലവഴിക്കുന്നത്. ഭവനങ്ങൾക്ക് വരുമാനമില്ലാത്തതു മൂലം സർക്കാരിനും സ്ഥാപനങ്ങൾക്കും നൽകുവാനുള്ള ബാധ്യസ്ഥമായ പണം തങ്ങളുടെ ദൈനംദിന ആവശ്യങ്ങളോടൊപ്പം കണ്ടെത്തുക എന്നുള്ളതും ശ്രമകരമാണ്. ഇങ്ങനെയുള്ള ഒരു സാഹചര്യത്തെ അത്യാവശ്യ കാര്യങ്ങൾക്കുവേണ്ടി മാത്രമായി ചെലവു ചുരുക്കി നേരിടുക മാത്രമേ കരണീയമായിട്ടുള്ളൂ എന്നുള്ളത് അനുസ്മരിപ്പിക്കട്ടെ.

ഈ സംവത്സരം ദീർഘദശകങ്ങളിലെ സ്തുത്യർഹമായ സേവനങ്ങൾക്ക് ശേഷം സജീവ സേവനത്തിൽ നിന്നും വിരമിക്കുന്ന അദ്ധ്യപകരെ പ്രത്യേകം സ്മരിക്കുകയും അവരുടെ സേവനങ്ങളെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു. ഈ വർഷം സജീവ സേവനത്തിൽ നിന്നും വിരമിക്കുന്ന ബഹുമാനപ്പെട്ട പട്ടക്കാരുടെയും സേവനങ്ങളെ ഓർത്ത് സഭയുടെ അഭിനന്ദനം അറിയിക്കുന്നു. സെമിനാരികളിലെ വർഷാവസാന പരീക്ഷ സെറാമ്പൂർ സർവ്വകലാശാലയ്ക്ക് നടത്തുവാൻ നിർവ്വാഹമില്ലാതെ വന്നതുകൊണ്ട് കോവിഡ്-19 നിയന്ത്രണങ്ങൾ മാറിയതിനുശേഷം ജൂലൈയിലോ, ആഗസ്റ്റിലോ പരീക്ഷകൾ നടക്കുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിനു ശേഷം പരീക്ഷ കഴിഞ്ഞിട്ട് മാത്രമേ പുതുവർഷത്തേയ്ക്കുള്ള നിയമനങ്ങൾ സാധ്യമാകയുള്ളൂ. അതുവരെയുള്ള ക്രമീകരണങ്ങളിൽ സാഹചര്യം മനസ്സിലാക്കി ജനപങ്കാളിത്തം ഉളവാകുമെന്ന് വിശ്വസിക്കട്ടെ. ഇടവകകളും സ്ഥാപനങ്ങളും വരുമാനസമാഹരണത്തിൽ പ്രയാസങ്ങൾ പ്രതീക്ഷിക്കാവുന്നതാണ്. ആയതിനാൽ നമ്മൾ ബഡ്ജറ്റ് ചെയ്തിട്ടുള്ളവയിൽ തന്നെ ചില മുൻഗണനാക്രമങ്ങൾ നിശ്ചയിച്ച് ധനവിനിയോഗം നിയന്ത്രിക്കേണ്ടതാണ്.

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിനു കീഴിൽ, കോവിഡ് പ്രതിരോധത്തിനു വേണ്ടിയുള്ള പ്രത്യേക കർമ്മസമിതിയുടെ ശുപാർശപ്രകാരം കോറോണ വൈറസിനെതിരായ വാക്സിൻ, പരിശോധന തുടങ്ങി വ്യത്യസ്ത മേഖലകളിൽ ഗവേഷണത്തിനുള്ള സമിതികൾ രൂപീകരിച്ചപ്പോൾ അതിലുൾപ്പെട്ട അഞ്ച് മലയാളികളിൽ നമ്മുടെ സഭാംഗങ്ങളായ വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജിലെ സാംക്രമിക രോഗപഠനവകുപ്പ് മേധാവി ഡോ. ഒ.സി. ഏബ്രഹാം (കോഴഞ്ചേരി സെന്റ് തോമസ് കോളജ് മുൻ പ്രിൻസിപ്പൽ പ്രൊഫ. ഒ.ഏ. ചെറിയാൻ സാറിന്റെ മകൻ) ക്ലിനിക്കൽ റിസർച്ചിനുവേണ്ടിയുള്ള സമിതിയിലും പൂനൈ, നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് (NIV) ഡയറക്ടർ ഡോ. പ്രിയ ഏബ്രഹാം (വെല്ലൂർ സി.എം.സി. ഹോസ്പിറ്റലിലെ സൈക്യാട്രിവിഭാഗം മേധാവിയായിരുന്ന ഡോ. ഏബ്രഹാം വർഗീസിന്റെ മരുമകൾ) ഡയഗണോസ്റ്റിക്സ് സംബന്ധിച്ച ഗവേഷണ സംഘത്തിലും ഉൾപ്പെട്ടിരിക്കുന്നു എന്നത് അഭിമാനകരമാണ്. പ്രത്യേകം അഭിനന്ദനങ്ങൾ അറിയിക്കുന്നു. ഗവേഷണങ്ങളുടെ സൗഖ്യദായകമായ ഫലപ്രാപ്തിക്കായി പ്രാർത്ഥിക്കുന്നു. നമ്മുടെ മാർത്തോമ്മാ യുവജനസഖ്യവും CARDഉം സർക്കാരിനോട് ചേർന്ന് സന്നദ്ധ പ്രവർത്തനങ്ങളിലും ഗവണ്മെന്റിന്റെ സഹകരണത്തോടുകൂടി ബോധവൽക്കരണ പരിപാടികളിലും ശുചിത്വം പാലിക്കുന്നതിനുള്ളതായ സംവിധാനങ്ങൾ പങ്കിടുന്നതിനും വളരെ ജാഗ്രതയോടുകൂടെ പ്രവർത്തിച്ചു എന്നുള്ളത് പ്രശംസനീയവും അഭിമാനകരവുമാണ്. അതിന് നേതൃത്വം വഹിച്ച യുവജനസഖ്യം പ്രവർത്തകരെയും CARDന്റെ പ്രവർത്തകരെയും പ്രത്യേകാൽ അഭിനന്ദിക്കുന്നു. ഈ പ്രത്യേക സാഹചര്യത്തിൽ സാമൂഹ്യ അടുക്കള പ്രവർത്തിക്കുന്നതിന് ഗവണ്മെന്റ് നൽകിയ ആഹ്വാനത്തിൽ നമ്മുടെ ഇടവകജനങ്ങൾ പങ്കാളികളാവുകയും ആയതിനുള്ള വിഭവശേഷി കണ്ടെത്തുന്നതിനും വിതരണം ചെയ്യുന്നതിനും ശ്രദ്ധേയമായിട്ടുള്ള പങ്ക് വഹിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതും അറിയുവാൻ ഇടയായതിൽ സന്തോഷിക്കുന്നു. എന്നാൽ ലോക്ഡൗൺ മൂലം ഇതുവരെ അനുഭവിച്ചിട്ടില്ലാത്ത ഒരു ജീവിതാനുഭവം നയിക്കന്നതിൽ ജനങ്ങൾക്ക് വലിയ പ്രയാസങ്ങൾ ഉളവായി എങ്കിലും ആയതിൽ സഹകരിച്ചതിന്റെ ഫലമായി നമ്മുടെ ചുറ്റുപാടുകളിൽ ഈ വസന്ത വ്യാപിക്കുന്നതിനിടയായില്ല എന്നുള്ളതും നാം സ്മരിക്കേണ്ടതാണ്. ജാതിമത വർഗ്ഗനിറഭേദം കൂടാതെ ഇതിൽ പ്രവർത്തിച്ച ഏവരെയും ശ്ലാഘിക്കുന്നു.

നമ്മുടെ വലിയ മെത്രാപ്പോലീത്താ തിരുമേനി 2020 ഏപ്രിൽ 27-ാം തീയതി 103-ാം വയസ്സിലേക്ക് പ്രവേശിച്ചു. അന്നേ ദിവസം ആശുപത്രിമുറിയിൽ പ്രത്യേക ക്രമീകരണം ചെയ്ത് വിശുദ്ധ കുർബ്ബാന നാം അനുഷ്ഠിച്ചു. തിരുമേനി സുസ്മേര വദനനായി ശുശ്രൂഷയിൽ പങ്കുചേരുകയും ശുദ്ധീകരിക്കപ്പെട്ട അപ്പവീഞ്ഞുകൾ പങ്കിടുകയും ചെയ്തു. തിരുമേനിയുടെ ഇപ്പോഴത്തെ ആരോഗ്യസ്ഥിതിയിൽ സന്ദർശകരായി എവിടെ നിന്നൊക്കെയാണ് ആളുകൾ വരുന്നതെന്ന് നിശ്ചയമില്ലാത്തതിനാൽ സന്ദർശകരെ നിയന്ത്രിക്കുന്നതിന് ഇടയായി എന്നുള്ളത് പലർക്കും മനഃപ്രയാസം ഉളവാക്കി. എന്നാൽ ആരെങ്കിലും ഒരാളിൽ കൂടെ ആ വൈറസ് ബാധിക്കുകയാകുന്നു എന്നു വരികിൽ അത് എന്നും ദുഃഖത്തിന് കാരണമാകുമല്ലോ എന്ന് വിചാരിച്ചാണ് അപ്രകാരം ക്രമീകരണം ചെയ്യേണ്ടി വന്നത്. ആശുപത്രിയിൽ തിരുമേനിയെ, ലോക്ഡൗൺ നിയന്ത്രണങ്ങൾ മാറുന്നതുവരെ സന്ദർശകരെ അനുവദിക്കുന്നതല്ല എന്നുള്ളതും അറിയിക്കുന്നു.

1965-ൽ അമേരിക്കയിലേക്ക് പ്രവേശിച്ച് ആയുസ്സു മുഴുവനും അവിടുത്തെ വിദ്യാഭ്യാസമേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ച ഒരു വ്യക്തിയായിരുന്നു ഡോ. റ്റി.എം. തോമസ്. സഭയുടെ നോർത്ത് അമേരിക്ക-യൂറോപ്പ് ഭദ്രാസനത്തിന്റെ പ്രാരംഭരൂപീകരണ കാലഘട്ടത്തിൽ അദ്ദേഹം നിർവ്വഹിച്ച സേവനങ്ങളും തുടർന്ന് നൽകിയതായ നേതൃത്വവും സ്മരണീയമത്രേ. അദ്ദേഹത്തോടൊപ്പം ആ സംവത്സരത്തിലാണ്

ഉപരിപഠനത്തിനായി നമുക്കും അവിടെ പോകുവാൻ ഇട യായത് എന്നുള്ളതും അനുസ്മരിക്കുന്നു. അന്ന് ആരംഭിച്ച ആ സുഹൃദ്ബന്ധം ഇന്നുവരെയും നിലനിൽക്കുന്നുവെ ന്നുള്ളത് അനുസ്മരിച്ച് ദൈവത്തെ സ്തുതിക്കുന്നു. ഡോ. തോമസിന്റെ ധന്യമായ ജീവിതത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. ദൈവത്തെ മഹത്വപ്പെടുത്തുന്നു.

നമ്മുടെ മാർത്തോമ്മാ കോർപ്പറേറ്റ് മാനേജ്മെന്റിലെ കീഴില്ലം സെന്റ് തോമസ്, പെരുമ്പാവൂർ ആശ്രമം, കോട്ടയം എം.ടി. സെമിനാരി എന്നീ സ്കൂളുകളിൽ ഹെഡ്മാസ്റ്ററായും പി ന്നീട് തിരുവനന്തപുരം സെന്റ് തോമസ് സ്കൂൾ ഹെഡ്മാ സ്റ്ററായും മാർത്തോമ്മാ സഭാഓഫീസ് ഡപ്യൂട്ടി സെക്രട്ടറി യായും ശ്രേഷ്ഠമായ ശുശ്രൂഷകൾ നിർവ്വഹിച്ച ശ്രീ. ജേക്കബ് വർഗ്ഗീസ് (88) നിര്യാതനായി. മാർത്തോമ്മാ സഭയിലെ പ്രമുഖ പട്ടക്കാരനായിരുന്ന ദിവംഗതനായ ചിറമേൽ കരുവേലിൽ റവ. കെ.ഏ. വർഗ്ഗീസ് അച്ചന്റെ പുത്രനാണ്. പരേതന്റെ വിവിധ ശുശ്രൂഷാ രംഗങ്ങളിലെ അനുഗൃഹീതസേവനത്തെ അനു സ്മരിക്കുകയും സന്തപ്ത കുടുംബത്തോടുള്ള സഭയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

ഈസ്റ്റർ കഴിഞ്ഞ് ഒരാഴ്ച കഴിഞ്ഞപ്പോൾ എനിക്ക് ഒരു vomiting sensation ഉണ്ടായിയെങ്കിലും യാതൊന്നും പുറമേ vomit ചെയ്തില്ല. ആയതിന് കുമ്പനാട് ഫെലോഷിപ്പ് മിഷൻ ആശുപത്രിയിലും തുടർന്ന് എറണാകുളം ലിസി ആശുപത്രി യിലും മെഡിക്കൽ ചെക്കപ്പിന് പോയി. ആദ്യ ദിവസം ഒരു ചായ കുടിച്ചതിനു ശേഷം നാളിതുവരെ ആ sensation വീണ്ടും ഉണ്ടാ യില്ല. ഇപ്പോൾ സാധാരണ ഭക്ഷണം കഴിക്കുന്നു. ഉദരത്തിൽ പ്രത്യേകമായ അസ്വസ്ഥതകളൊന്നും അനുഭവപ്പെടുന്നില്ല എന്നറിയിക്കുന്നു. എന്നാൽ ചിലയാളുകൾ അഭ്യൂഹങ്ങൾ സമൂഹ മാധ്യമങ്ങളിലൂടെ പരത്തി. അവരാരും വന്നു കണ്ട വരോ, നേരിട്ട് അന്വേഷിച്ച് വിവരം അറിഞ്ഞിട്ടുള്ളവരോ അല്ല എന്നുള്ളതും ഞാൻ മനസ്സിലാക്കുന്നു. ഇതും ആധുനിക മനുഷ്യ സ്വഭാവത്തിൽ ഉളവാകുന്ന ഒരു വൈറസ് രോഗം തന്നെയാണ് എന്നുള്ളത് അങ്ങനെയുള്ളവർ മനസ്സിലാക്കി യാൽ നന്നായിരുന്നു. ഇപ്പോഴും അതാതു ദിവസം വരുന്ന കത്തുകൾക്ക് അതാത് ദിവസം തന്നെ മറുപടി അയച്ചു കൊണ്ടി രിക്കുന്നു. ഓഫീസ് കാര്യങ്ങൾക്കും മുടക്കമില്ല.

'ദൈവീക പദ്ധതിയിൽ മനുഷ്യന്റെ പങ്കാളിത്തം വിതയും കൊയ്ത്തും' എന്നുള്ള പാരിസ്ഥിതിക പ്രതികരണങ്ങളിലൂ ടെ ജനത്തെ ഉദ്ബുദ്ധരാക്കിക്കൊണ്ടത്രെ ഈ മാസത്തിലെ ധ്യാനങ്ങളിലേക്ക് നാം പ്രവേശിക്കുന്നത്. ഉയിർത്തെഴു ന്നേൽപ്പിന്റെ യാഥാർത്ഥ്യത്തെ ഉൾക്കൊള്ളുവാൻ കഴിവി ല്ലാതെയും യേശു ഉത്ഥിതനായ നാൾ മുതൽ അവരോടു കൂടെയുള്ള ആളുകളുടെ പ്രതികരണത്തെ ഭയന്ന്, തങ്ങൾ ആയിരുന്ന നഗരം വാസയോഗ്യമല്ല എന്നുകണ്ട് എമ്മവൂ സിലേക്ക് പലായനം ചെയ്യുന്ന രണ്ടാളുകളെ കുറിച്ചുള്ള വി വരണമത്രെ ഇന്നത്തെ സുവിശേഷഭാഗം. എന്നാൽ ഉയിർ ത്തെഴുന്നേറ്റ കർത്താവ് അവരോട് കൂടെ സഹയാത്രികനായി നടന്ന് അവരുടെ മനസ്സിലുണ്ടായിരുന്ന ചിന്തകൾക്ക് പ്രതി കരണം നൽകി. സന്ധ്യയായപ്പോൾ അവൻ വേർപിരിയാൻ തുടങ്ങിയപ്പോൾ തങ്ങളോടുകൂടെ താമസിക്കുവാൻ അവർ അവനെ ക്ഷണിച്ചു- ഈ അപരിചിതനെ! എന്നാൽ അവർ അത്താഴത്തിനിരുന്നപ്പോൾ ക്രിസ്തുയേശുവിൽ കൂടി നിവൃ ത്തിക്കപ്പെട്ട അനുഭവം - എടുക്കപ്പെടുന്ന അനുഭവം, വാഴ്ത്ത പ്പെടുന്ന അനുഭവം, നുറുക്കപ്പെടുന്ന അനുഭവം, ശേഖരിക്ക പ്പെട്ട് ഊർജ്ജമായി വിതരണം ചെയ്യപ്പെടുന്ന അനുഭവം ഇവയെ അനുസ്മരിക്കത്തക്കവിധത്തിൽ കർത്താവ് അപ്പം എടുത്ത് വാഴ്ത്തി, നുറുക്കി അവർക്ക് നൽകിയപ്പോൾ അവരുടെ സ്മരണയിൽ വന്നു. കർത്താവിനെ അവർ തിരിച്ച റിഞ്ഞ് അവർ ആഹ്ലാദചിത്തരായി, കർത്താവ് അപ്രത്യക്ഷ നായി. അവർ ഒട്ടും താമസിച്ചില്ല ആ രാത്രിയിൽ തന്നെ തങ്ങൾ പാർപ്പാൻ ഭയപ്പെട്ടിരുന്ന ഇടത്തേയ്ക്ക് തന്നെ മട ങ്ങി അവിടെ അടച്ചിട്ടിരുന്ന മുറിയിൽ വച്ച് കർത്താവിനെ കണ്ട സന്തോഷത്തോടെ പുറത്തേയ്ക്കിറങ്ങിയ ശിഷ്യന്മാ രോട്കൂടെ അവർ ഒത്തുചേർന്നു. തുടർന്ന് നാം വഴിയും സത്യവും ജീവനുമായ ക്രിസ്തുവിനെ ജീവിതത്തിന്റെ മാർ ഗ്ഗദർശിയായി സ്വീകരിക്കുന്നതിനെക്കുറിച്ച് ധ്യാനിക്കുന്നു. തുടർന്നുള്ള ഞായറാഴ്ച ഉയിർത്തെഴുന്നേറ്റ കർത്താവിനെ പരിയപ്പെടുന്ന സുവിശേഷ യാഥാർത്ഥ്യത്തിലേക്ക് അവർ പ്രവേശിക്കുന്നതിനെക്കുറിച്ചാണ് ചിന്തിക്കുന്നത്. തുടർ ന്നുള്ള ദിവസം സ്വർഗ്ഗാരോഹണപ്പെരുന്നാളായി സഭ ആച രിച്ച് ക്രിസ്തുവിന്റെ മഹത്ത്വീകരണത്തെ ധ്യാനിക്കുന്നു. സ്വർഗ്ഗാരോഹണത്തിന്റെ സാക്ഷികളായിത്തീർന്ന ശിഷ്യ സമൂഹം പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തത്തിനു വേണ്ടി കാത്തിരിക്കുന്ന ദിവസം അതിന്റെ യാഥാർത്ഥ്യം 5-ാം ഞായറാഴ്ച നാം കാണുന്നു, പെന്തക്കൊസ്തിപ്പെരുന്നാ ളിലെ വാഗ്ദത്ത നിവൃത്തി നാം ധ്യാനിക്കുന്നു. പുതുസൃഷ്ടി യിൽ ഒന്നാമതായി സംഭവിക്കുന്നത് മനുഷ്യർ അന്യോന്യം മനസ്സിലാക്കുവാനുള്ള കഴിവ് നഷ്ടപ്പെട്ടത് വീണ്ടെടുക്കുക എന്നുള്ളതാണ്. പല ഭാഷക്കാരും പലദേശക്കാരും ഒരുമി ച്ചുകൂടി അവർ അന്യോന്യം ദേശ-ഭാഷാ വിഭാഗീയതയ്ക്കതീ തമായി അന്യോന്യം ഒരുമനപ്പെട്ട് പരസ്പരം മനസ്സിലാക്കു വാനുള്ള കഴിവ് ലഭിച്ചു എന്നുള്ളതാണ് അന്ന് ലഭിച്ച ധന്യത. രണ്ടാമത് മനുഷ്യൻ ഒരു പുതുസൃഷ്ടിയായിത്തീരുന്നു. ബാബേലിൽ പരാജയപ്പെട്ടവർ പെന്തിക്കോസ്തു നാളിൽ ജയാളികളായി.

ഈ മാസത്തിന്റെ അവസാന ദിനങ്ങളോട് ചേർന്ന് ജൂൺ മാസം മുതൽ ജീവിതം സാധാരണ നിലയിലേക്ക് രൂപാന്ത രപ്പെട്ട് ആരംഭിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. സൃഷ്ടിയെ പുതുതാക്കുന്ന പരിശുദ്ധാത്മ പ്രകാശം നമ്മെ പ്രകാശിപ്പി ക്കട്ടെ. ആത്മാവ് നൽകുന്ന മനോധൈര്യം നമ്മിൽ പ്രകടമാ കട്ടെ. പരിശുദ്ധാത്മാവേ വരിക, സൃഷ്ടിയെ പുതുക്കണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

'നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം, നമുക്ക് ജയം നൽകുന്ന ദൈവത്തിന് സ്തോത്രം. ആകയാൽ എന്റെ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്ന് അറി ഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധി ച്ചുവരുന്നവരും ആകുവിൻ' (1 കൊരി. 15: 57, 58)..

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ

പുലാത്തീൻ, തിരുവല്ല
30-04-2020

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**